(സി) 2010-11 വർഷത്തിൽ കേന്ദ്രം ആവിഷ്കരിച്ച പദ്ധതിയായിട്ടാണ് ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. അഞ്ച് ജില്ലകളിൽ മാത്രം നിലവിൽ വന്ന പദ്ധതിയുടെ പുവട്ടം വിടിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് 2012-ലാണ് "അമൃതം ആരോഗ്യം" എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി നടപ്പിലാക്കിയത്. ഭരണതലത്തിൽ ഇതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുകയും പിട്ടയായ പ്രവർത്തനങ്ങളിലൂടെ ഈ പദ്ധതിക്കുവേണ്ട രൂപരേഖയും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആലോചന അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും പരിശീലന പരിപാടികൾ ഫീൽഡുതലംവരെ നൽകുകയും ചെയ്യുന്നു. ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സംഭരിക്കുകയും സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആശുപത്രി തലത്തിലും കൃത്യമായ അവലോകനം നടത്തുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

പൂട്ടിയ തോട്ടങ്ങൾ തുറക്കുന്നതിനുള്ള കർമ്മപദ്ധതി

18(*78) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വൃന്ദ കുമാരി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) കേരളത്തിൽ ആകെ 647 തോട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരത്ത് പൊണക്കാട് എസ്റ്റേറ്റ്, വിളവ ഗോകർ എസ്റ്റേറ്റ്, ഇടുക്കിയിൽ എം.എം.ജെ. പ്ലാന്റേഷൻസിന്റെ പൊണാമി, കോട്ടമല എസ്റ്റേറ്റുകൾ തൊടുപുഴയിൽ മേത്താനത്ത് എസ്റ്റേറ്റുമാണ് പൂട്ടിക്കിടക്കുന്നത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.)തലത്തിലും ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ ഉടനെ പ്രവർത്തനസജ്ജമാക്കുന്നതിനും വ്യവസായ ബന്ധം സമാധാനപരമാക്കുന്നതിനും ഉദ്ദേശിച്ചാണ് തൊഴിൽ വകുപ്പ് പ്രവർത്തനം നടത്തുന്നത്.

ആയുർവ്വേദ സംസ്ഥാനമാക്കാൻ കർമ്മ പദ്ധതി

19 (*79) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന രോഗികൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ആയുർവ്വേദ സംസ്ഥാനമാക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തൊക്കെ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഇന്നേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കേരളത്തെ ആയുർവ്വേദ സംസ്ഥാനമാക്കുന്നതിന് എല്ലാ പഞ്ചായത്തിലും ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാവശ്യമായുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് വരുന്നു.

(ബി) കേരളത്തിന്റെ പാരമ്പര്യപ്പെട്ട ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ആയുർവ്വേദ ചികിത്സയും പരിചരണവും നൽകാൻ ഇതുവഴി ലക്ഷ്യമിടുന്നു.

(സി) 2015-16 സാമ്പത്തിക വർഷം പുതിയ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഔഷധ ഗുണനിലവാര പരിശോധന

20(*80) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന രോഗികൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്ന് വിതരണം ചെയ്യുന്ന കരാറുകാർ ഓരോ ബാച്ചിനൊപ്പവും എൻ.എ.ബി.എൽ. അക്രഡിറ്റഡ്/കേന്ദ്ര മരുന്ന് പരിശോധനാ ലബോറട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിബന്ധന 2015-16 വർഷം ഒഴിവാക്കിയിരുന്നോ; എങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly